**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1898** **13-02-2025 - ൽ മറുപടിയ്ക്ക്**

**മുക്കം സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ടിൽ നിന്നുള്ള ധനസഹായത്തോടെ മുക്കം നഗരസഭയിൽ നിർമ്മിക്കുന്ന മിനി സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇതിൽ ഏതൊക്കെ പൂർത്തിയാക്കിയെന്നും വിശദമാക്കുമോ; | (എ) | കിഫ്ബി ഫണ്ടിൽ നിന്നുള്ള ധനസഹായത്തോടെ മുക്കം നഗരസഭയിൽ നിർമ്മിക്കുന്ന തിരുവമ്പാടി മിനി സ്റ്റേഡിയത്തിന്റെ ഘടകങ്ങൾ നാച്ചുറൽ ഫുട്ബോൾ ടർഫ്, 6 ലൈൻ സിന്തറ്റിക് ട്രാക്ക്, ഗാലറി, ചേഞ്ച് റൂം കം ടോയിലറ്റ് ബ്ലോക്ക്, വോളിബോൾ കോർട്ട്, നിലവിലുള്ള ബിൽഡിംഗിന്റെ നവീകരണം എന്നിവയാണ്. ചേഞ്ച് റൂമിന്റെ സ്ട്രക്ചറൽ വർക്ക്, ബ്ലോക്ക് മേസൺറി വർക്ക് എന്നിവയും, ഫുട്ബോൾ ടർഫിന് ചുറ്റുമുള്ള ഡ്രൈനേജും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവിടെ ട്രാക്ക് ഉൾപ്പെടെയുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | സിന്തറ്റിക് പ്രവർത്തിയുടെ സാങ്കേതികാനുമതിയിൽ ഉൾപ്പെട്ടിരുന്നത് 200 മീറ്റർ ട്രാക്ക് മാത്രമാണ്. എന്നാൽ മേൽ പറഞ്ഞതിന്റെ അധികമായി 100 മീറ്റർ ട്രാക്ക് കൂടി ഉൾപ്പെടുത്താൻ മുക്കം എം.എൽ.എ. ചേർന്ന അവലോകന യോഗത്തിൽ നിർദേശിച്ചു എങ്കിലും അവ ഉൾപ്പെടുത്തുന്നതിന്റെ സ്ഥലപരിമിതി എം.എൽ.എ-യെ ബോധ്യപ്പെടുത്തുകയുണ്ടായി. 200 മീറ്റർ സിന്തറ്റിക് ട്രാക്ക് ഉദ്ദേശിച്ച രീതിയിൽ ചെയ്യുന്നതിനായി സാങ്കേതികാനുമതിയിൽ നിർദേശിച്ച ടർഫ് സൈസ് 35 x 60 ൽ നിന്നും 35 x 50 സൈസിലേക്ക് മാറ്റേണ്ടതുണ്ടെന്നും കിറ്റ്കോ അറിയിച്ചു. പ്രസ്തുത മാറ്റങ്ങൾ പ്രതിപാദിച്ചു കൊണ്ട് അടുത്ത സാങ്കേതികാനുമതി കമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ കിറ്റ്കോയ്ക്ക് കത്ത് നൽകിയെങ്കിലും ആയത് കിറ്റ്കോ സമർപ്പിച്ചിരുന്നില്ല. കിറ്റ്കോ എസ്.പി.വി-യായ ടി നിർമ്മാണ പദ്ധതി വളരെ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. മൊത്തത്തിലുള്ള പദ്ധതി പൂർത്തീകരണം നിലവിൽ 25% മാത്രമാണ്. എന്നാൽ ടി കാലതാമസത്തിന്റെ കാരണം കിറ്റ്കോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| | | | കിഫ്ബി സി.ഇ.ഒ.-യുടെ സാന്നിദ്ധ്യത്തിൽ 05.02.2025-ന് ചേർന്ന കിഫ്ബി പ്രവർത്തികളുടെ അവലോകന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കിറ്റ്കോ 10 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്നും ടി പ്രവർത്തി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷന്റെ മേൽനോട്ടത്തിൽ കിറ്റ്കോ പ്രവൃത്തി തുടരേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ